

# നോമ്പ് ഒന്നാം ചൊവ്വ - മത്താ 5: 38-42

കണ്ണിനുപകരം കണ്ണ് പല്ലിനുപകരം പല്ല് എന്ന പഴയനിയമചിന്തയെ (പുറ 21: 24, നിയ 19: 21) ഈശോ തിരുത്തിക്കുറിക്കുന്നു. പിതാവേ ഇവരോടു ക്ഷമിക്കണമേ. എന്തുകൊണ്ടന്നാൽ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല എന്നാണ് ഈശോ കുരിശിൽ കിടന്ന് പ്രാർഥിക്കുന്നത് (ലൂക്ക 23: 34). ഈ കുറ്റം ഇവരുടെമേൽ ചുമത്തരുതേ എന്ന് എസ്തപ്പാനോസ് രക്തസാക്ഷിത്വവേളയിൽ പ്രാർത്ഥിക്കുന്നു (അപ്പ 7: 60).

സ്നേഹം ശത്രുതയെ ഇല്ലായ്മ ചെയ്യുന്നു. നമ്മുടെ ചുറ്റുപാടുകളിൽ, കുടുംബങ്ങളിൽ, ചോദിക്കുന്നതിലപ്പുറം പ്രവർത്തിക്കുവാനുള്ള സന്മനസ്സ് ആർജ്ജിക്കുക. എങ്കിൽ മാത്രമേ നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിജീവിക്കുവാൻ നമുക്കു കഴിയൂ. സുഹൃത്തുക്കളെ സ്നേഹിക്കുകയെന്നത് എല്ലാ മനുഷ്യരുടെയും ശൈലിയാണ്. എന്നാൽ ശത്രുക്കളെ സ്നേഹിക്കുകയെന്നത് ക്രൈസ്തവർക്ക് മാത്രം സ്വന്തമായ ശൈലിയാണെന്ന് തെർത്തുല്യൻ പ്രസ്താവിക്കുന്നു. മുറിവേറ്റിട്ടും വേദന ഗൗനിക്കാത്ത കായികാഭ്യാസിയെപ്പോലെയാണ് ശത്രുക്കളുടെ പീഡനമേറ്റിട്ടും അവരോടു ക്ഷമിക്കുന്ന ക്രൈസ്തവൻ.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്